# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
**നമ്പർ: 5029**

**06.02.2014 -ലെ**
**മറുപടിക്ക്**

## വിമുക്തഭടന്മാരുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടേയും, സൈനികരുടേയും വിവിധ പരാതികൾ പരിഹരിക്കുന്നതിലേക്ക് ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ പോലീസ് മേധാവിയും, ജില്ലാ സൈനിക ക്ഷേമ ഓഫീസറും അംഗങ്ങളായുള്ള പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) മുഖേന വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സെക്യൂരിറ്റി സൂപ്പർവൈസർ, സെക്യൂരിറ്റി ഗാർഡ്, മറ്റ് അനവധി ട്രേഡുകളിലും നിയമനം നൽകുന്നുണ്ട്. |
| (ബി) ഇതുവരെ ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി & സി) സൈനികരുടേയും വിമുക്തഭടന്മാരുടേയും, അവരുടെ ആശ്രിതരുടേയും വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ലഭിച്ചിട്ടുള്ള പരാതികൾ, പരാതിയുടെ സ്വഭാവമനുസരിച്ച് വിവിധ വകുപ്പു തലവന്മാരുമായും കേന്ദ്രസംസ്ഥാന തലത്തിലുള്ള മറ്റു വകുപ്പുകളുമായും ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ |
| (സി) ഇവരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; | |

| | |
|---|---|
| | സ്വീകരിക്കുന്നുണ്ട്. കൂടുതൽ കാര്യക്ഷമതയ്ക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ, ജില്ലാ പോലീസ് മേധാവി (സിറ്റി/റൂറൽ) മെമ്പറായും, ജില്ലാ സൈനിക ക്ഷേമ ഓഫീസർ നോഡൽ ഓഫീസറായും നിലവിലുള്ള ജില്ലാതല പരാതി പരിഹാര സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| ഡി) വിമുക്തഭടന്മാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണുദ്ദേശിക്കുന്നത ; | ഡി) വിമുക്തഭടന്മാരുടെ പുനരധിവാസത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) സംസ്ഥാന സർക്കാരിൽ വിവിധ ജോലികൾക്കായി പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകളിൽ വിമുക്തഭടന്മാരുടെ സേവനദൈർഘ്യം പരിഗണിച്ച് പരമാവധി 10 മാർക്ക് ആനുകൂല്യം നൽകുകയും മത്സരപരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കൂടിയ വയസ്സ് പരമാവധി 50 ആയി നിജപ്പെടുത്തിയിട്ടുമുണ്ട്.<br>2) ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ തൊഴിൽ രജിസ്ട്രേഷൻ നടത്തി ഒഴിവുകൾ വരുന്ന മുറയ്ക്ക് അർഹരായവരെ രജിസ്ട്രേഷൻ സീനിയോറിറ്റി അനുസരിച്ച് നാമനിർദ്ദേശം ചെയ്യുന്നു.<br>3) ജില്ലാ സൈനിക ക്ഷേമ ഓഫീസിനു പുറമേ വിമുക്തഭടന്റെ താമസപരിധിയിൽ വരുന്ന ജില്ലാ/ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രജിസ്ട്രേഷൻ നടത്തുകയും, എംപ്ലോയ്മെന്റ് നിയമന ഒഴിവുകൾ വരുന്ന മുറയ്ക്ക് അർഹരായവരെ രജിസ്ട്രേഷൻ സീനിയോറിറ്റി അനുസരിച്ച് നാമനിർദ്ദേശം ചെയ്യുന്നു.<br>4) ജോലിസംബന്ധമായ പ്രായോഗിക പരിശീലനത്തിൽ പങ്കെടുപ്പിക്കുകയും, അതിലേക്ക് ആവശ്യമായ തുക പരിശീലനം നടത്തുന്ന സ്ഥാപനത്തിന് നൽകുകയും ചെയ്യുന്നു. |

| | |
|---|---|
| | 5) ആവശ്യമുള്ളവർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം ലഭിക്കുന്നതിന് സഹായം ചെയ്തു കൊടുക്കുന്നു.<br>6) സർക്കാർ/അർദ്ധസർക്കാർ/ പബ്ലിക് സെക്ടറുകളിൽ ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവരെ സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം നൽകി അതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്തു കൊടുക്കുന്നു.<br>7) ബാങ്ക് വായ്പയെടുത്ത്, സ്വയം തൊഴിൽ ചെയ്യുന്ന സംരംഭകർക്ക് ബാങ്ക് ചുമത്തുന്ന പലിശയുടെ 1/3 ഭാഗം സബ്സിഡിയായി നൽകുന്നു.<br>8) സ്വയം തൊഴിൽ സംരംഭകർക്ക് പ്രോത്സാഹനമായി ഒറ്റത്തവണ ഗ്രാന്റും നൽകുന്നു.<br>സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) വിമുക്ത ഭടന്മാർക്ക് ഉപകാരപ്രദമായ വിവിധ തൊഴിൽ ക്ഷേമ പദ്ധതികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) ഇവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | ഇ)<br>1) രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കുള്ള സാമ്പത്തിക സഹായം 1,000 രൂപയിൽ നിന്നും 1,500 രൂപയായും, വിധവകൾക്കുള്ള സഹായം 500 രൂപയിൽ നിന്നും 750 രൂപയായും ഉയർത്തിയിട്ടുണ്ട്. ഇവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി 10,000 രൂപയിൽ നിന്നും 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്.<br>2) വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ SMBF-ൽ നിന്നും 2,000 രൂപ മുതൽ 2,500 |

| | |
|---|---|
| | രൂപ വരെ നൽകി വരുന്ന സഹായം 3,500 രൂപ മുതൽ 4,000 രൂപ വരെയും, DMBF-ൽ നിന്നും 1,500 രൂപ മുതൽ 1,750 രൂപ വരെ നൽകി വരുന്ന സഹായം 2,000 രൂപ മുതൽ 2,500 രൂപ വരെയും ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം വാർഷിക കുടുംബ വരുമാന പരിധി 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.<br>3) വിമുക്തഭടന്മാർക്കോ അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അനുവദിക്കുന്ന അടിയന്തിര സാമ്പത്തിക സഹായം 5,000 രൂപ, 4,000 രൂപ എന്ന ക്രമത്തിൽ ഉണ്ടായിരുന്നത് 10,000 രൂപ, 5,000 രൂപ എന്ന ക്രമത്തിൽ ആക്കി വർദ്ധിപ്പിച്ചു.<br>4) പൂർണ്ണമായും അന്ധരായ വിമുക്തഭടന്മാർ/ വിധവകൾ/ ഭാര്യമാർ/ ആശ്രിതരായ മക്കൾ എന്നിവർക്ക് ചികിത്സക്കായി 1,000 രൂപ വീതം പ്രതിമാസ ബത്ത നൽകി വന്നത് 2,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>5) വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ജില്ലാ ബനവലന്റ് ഫണ്ടിൽ നിന്നും പ്രതിമാസം 500 രൂപ നൽകി വന്നത് 700 രൂപയാക്കി വർദ്ധിപ്പിച്ചു.<br>6) ഓണം ആഘോഷിക്കുന്നതിലേക്കായി ക്ഷയരോഗ/കുഷ്ഠരോഗ സാനിട്ടോറിയങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്ക് 1,000 രൂപ പ്രത്യേക സാമ്പത്തിക സഹായം നൽകി വന്നിരുന്നത് 2,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>7) വിമുക്തഭടന്മാരുടെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 500 രൂപ ധനസഹായമായി നൽകി വന്നിരുന്നത് 700 രൂപയാക്കി വർദ്ധിപ്പിച്ചു.<br>8) SET, NET, JRF, CWA, CA, Civil Service Exam തുടങ്ങിയ പരീക്ഷകളുടെ പരിശീലന |

| | |
|---|---|
| | ക്ലാസ്സുകൾ പൂർത്തിയാക്കുന്ന കുട്ടികൾക്ക് 5,000 രൂപ (One time grant ആയി) നൽകി വന്നിരുന്നത് 10,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>9) ക്ഷയരോഗ/ കുഷ്ഠരോഗ ആശുപത്രികളിൽ കഴിയുന്ന വിമുക്തഭടന്മാരായ അന്തേവാസികൾക്ക് / വിമുക്തഭടന്മാരുടെ വിധവകൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകി വന്നിരുന്നത് 2,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>10) മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനും, ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലനത്തിനുമായി വിമുക്തഭടന്മാർക്ക്/ ആശ്രിതർക്ക് 5,000 രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകി വന്നിരുന്നത് 10,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>11) പൂനയിലെ പാരാപ്ലജിക് റിഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികളായ വിമുക്തഭടന്മാർക്ക് പ്രതിമാസം 500 രൂപ ധനസഹായം നൽകി വന്നിരുന്നത് 1,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>12) ഡയാലിസിസിന് വിധേയരാകുന്ന വിമുക്തഭടന്മാർക്കും വിധവകൾക്കും ആശ്രിതർക്കും ഡയാലിസിസിനായി 1,000 രൂപ വീതം നിബന്ധനകൾക്ക് വിധേയമായി പരമാവധി 10,000 രൂപ നൽകി വന്നിരുന്നത് 20,000 രൂപയാക്കി വർദ്ധിപ്പിച്ചു.<br>13) വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ പരീക്ഷകൾക്ക് നൽകുന്ന സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷമായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ